# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1432 13.07.2016-ലെ മറുപടിയ്ക്ക്

## പാലക്കാട് മെഡിക്കൽ കോളേജിലെ അനധികൃത നിയമനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. ബാബു | | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും പാർലമെന്ററി കാര്യവും, നിയമവും, സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) പാലക്കാട് മെഡിക്കൽ കോളേജിലെ അനധികൃത നിയമനങ്ങളെ സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;<br><br>(ബി) ഏതെല്ലാം തസ്തികകളിലാണ് ഇങ്ങനെ നിയമനം നടത്തിയിട്ടുള്ളത്; വിശദമാക്കാമോ;<br><br>(സി) നിയമനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തുമോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) & (ബി) & (സി) | പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയതിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്.<br>1 നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി നേടുകയോ, തസ്തിക സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല.<br>2. ഗവേണിംഗ് ബോഡി മീറ്റിംഗിന്റെ തീരുമാന പ്രകാരം നിയമനങ്ങൾ സംബന്ധിച്ച നടപടികൾ പരിശോധിക്കുന്നതിനായി എക്സ്പേർട്ട് കമ്മിറ്റിയെ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി, നിയമനത്തിലെ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു.<br>3. പാലക്കാട് വിജിലൻസ് ഡിപ്പാർട്ട്മെന്റ് നടത്തിയ അന്വേഷണത്തിൽ, നടപടിക്രമങ്ങൾ പാലിക്കാതെയാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് കണ്ടെത്തി യിരുന്നു.<br>4. സ്പെഷ്യൽ ഓഫീസർ നടത്തിയ നിയമനങ്ങൾ മാനദണ്ഡങ്ങൾ പാലിക്കാതെയും സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിരുദ്ധവുമായിട്ടാണ് നടത്തിയിട്ടുള്ളത് എന്ന് കണ്ടെത്തി യിട്ടുണ്ട്.<br>5. അനദ്ധ്യാപക തസ്തികകളുടെ നിയമനത്തിന്, IMG-യെ ഏൽപ്പിച്ചത് സർക്കാരിന്റെ അനുമതിയില്ലാതെയാണ്. |

6. 224 തസ്തികകൾക്കും 170 നിയമനങ്ങൾക്കും 18/02/2016 ലെ ഒ.എ നം. 8385 പ്രകാരം ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. സ.ഉ(കൈ) നം.25/2016/പജപവവിവ തീയതി 25/02/2016 പ്രകാരം പ്രസ്തുത തീരുമാനം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയം പുതിയ സർക്കാരിന്റെ റിവ്യൂ കമ്മിറ്റിയുടെ പരിഗണനയിലാണ്.

Rasheedas

**സെക്ഷൻ ഓഫീസർ**